പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .144 | 04.02.2013-ൽ മറുപടിക്ക്

# മത്സ്യത്തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതികൾ

**ചോദ്യം**

**ശ്രീ. എ. എം. ആരിഫ്**

**ഉത്തരം**

**ശ്രീ. കെ.ബാബു**
**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)**

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മത്സ്യത്തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമാക്കി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്;

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മത്സ്യത്തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമാക്കി മാതൃകാ മത്സ്യഗ്രാമ പദ്ധതി, മത്സ്യസമൃദ്ധി പദ്ധതി എന്നിവ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകളുടെ ക്ഷേമം ലക്ഷ്യമാക്കി തീരമൈത്രി എന്ന പദ്ധതി സാഫ് മുഖേന നടപ്പിലാക്കി വരുന്നു. കൂടാതെ നിലവിലുണ്ടായിരുന്ന മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതി വ്യക്തിഗത ആനുകൂല്യം 50,000 രൂപയിൽ നിന്നും 2 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യത്തൊഴിലാളികൾക്കായി 20 ക്ഷേമ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രസ്തുത പദ്ധതികളിൽ കാലോചിതമായ മാറ്റം വരുത്തുകയും പെൻഷൻ 400 രൂപയായി വർദ്ധിപ്പിക്കുകയും ഇൻഷ്വറൻസ് പരിരക്ഷ 3,00,000 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മറ്റാനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ബി) ഇവയിൽ എന്തൊക്കെയാണ് അരൂർ മണ്ഡലത്തിൽ നടപ്പിലാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(ബി) തീരമൈത്രി പദ്ധതി പ്രകാരം അരൂർ മണ്ഡലത്തിലെ 3 പഞ്ചായത്തുകളിലായി 5 ഗ്രൂപ്പുകൾക്ക് 5,20,485 രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. മത്സ്യസമൃദ്ധി പദ്ധതി, ദേശീയ

ഭവനനിർമ്മാണ പദ്ധതി തീരദേശ മത്സ്യത്തൊഴിലാളികൾക്കുള്ള സാനിട്ടേഷൻ പദ്ധതി എന്നിവയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ അരൂർ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്നു. അരൂർ നിയോജക മണ്ഡലത്തിൽ മത്സ്യബോർഡിന്റെ കീഴിൽ വിവിധ പദ്ധതികളിലായി ധനസഹായം വിതരണം ചെയ്തത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം | തുക |
|---|---|---|---|
| 1 | മത്സ്യത്തൊഴിലാളി വാർദ്ധക്യകാല പെൻഷൻ | 1815 | 15149500 |
| 2 | ഗ്രൂപ്പ് ഇൻഷ്വറൻസ് അപകട മരണം | 10 | 2127000 |
| 3 | വിവാഹധനസഹായം | 63 | 94500 |
| 4 | മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണം | 20 | 12000 |
| 5 | മത്സ്യത്തൊഴിലാളിയുടെ മരണം ആശ്രിതർക്ക് ധനസഹായം | 19 | 91000 |
| 6 | മാരകരോഗ ചികിത്സാ ധനസഹായം | 11 | 158527 |
| 7 | മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർക്ക് പ്രസവ ശുശ്രൂഷാ ധനസഹായം | 1 | 750 |
| 8 | കുടുംബ സംവിധാനം | 1 | 500 |
| 9 | മത്സ്യത്തൊഴിലാളി പെൻഷൻ | 27 | 45267 |
| 10 | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് SSLC പരീക്ഷയ്ക്ക് ഉന്നത വിജയം നേടുന്നവർക്ക് ധനസഹായം | 2 | 8000 |
| | ആകെ | 1969 | 17687044 |

സെക്ഷൻ ഓഫീസർ